"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് - ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രായപരിധി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (ഐ.ടി-സെൽ) വകുപ്പ്

സ.ഉ.(സാധാ) നം.21/2026/ITD തീയതി,തിരുവനന്തപുരം, 13-02-2026

ഉത്തരവ്

ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രായപരിധി സംബന്ധിച്ച് ഏകീകൃത സ്വഭാവം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. നിലവിൽ ഇത്തരം സ്ഥാപനങ്ങളിൽ കരാർ നിയമനങ്ങൾക്ക് കൃത്യമായ പ്രായപരിധി നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ഭരണപരമായ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സ്ഥാപന മേധാവികളുടെ തസ്തികകളായ എം.ഡി/സിഇഒ/ഡയറക്ടർ എന്നീ തസ്തികകളൊഴികെയുള്ള തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പരമാവധി പ്രായപരിധി **60 (അറുപത്) വയസ്സായി** നിജപ്പെടുത്തുന്നു.
2. നിലവിൽ ജോലിയിലുള്ള കരാർ ജീവനക്കാരിൽ 60 വയസ്സ് പൂർത്തിയായവർക്ക്, അവരുടെ നിലവിലുള്ള കരാർ കാലാവധി പൂർത്തിയാകുന്നതുവരെ മാത്രം ജോലിയിൽ തുടരാവുന്നതാണ്. കരാർ നിയമനങ്ങളുടെ കാലാവധി **ഒരു വർഷമായി** നിശ്ചയിച്ചിട്ടുള്ളതിനാൽ, ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും ജീവനക്കാർ 60 വയസ്സ് പൂർത്തിയായവരാണെങ്കിൽ നിലവിൽ ദീർഘിപ്പിച്ചു നൽകിയ ഒരു വർഷത്തെ കരാർ കാലാവധിയിൽ ബാക്കിയുള്ള കാലാവധിവരെ മാത്രമേ സേവനത്തിൽ തുടരാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. പ്രസ്തുത കാലാവധിക്ക് ശേഷം യാതൊരു കാരണവശാലും

കരാർ പുതുക്കി നൽകരുത്.

3. അത്യന്താപേക്ഷിതമായ സാഹചര്യങ്ങളിലും അർഹതയുള്ള സവിശേഷ കേസുകളിലും, കരാർ ജീവനക്കാരുടെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകാനുള്ള പൂർണ്ണമായ അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും കരാർ/മാസവേതന വ്യവസ്ഥയിലുള്ള നിയമനങ്ങളിൽ ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് കുമാർ എം

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐടി മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് അക്ഷയ പ്രോജക്ട്, തിരുവനന്തപുരം

ഡയറക്ടർ, ഐസിഫോസ് (ICFOSS), തിരുവനന്തപുരം

രജിസ്ട്രാർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള,തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോപാർക്ക് കേരള, കൊച്ചി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സൈബർപാർക്ക്, കോഴിക്കോട്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ്പ് മിഷൻ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെഎസ്ഐടിഐഎൽ, തിരുവനന്തപുരം

ഡയറക്ടർ/രജിസ്ട്രാർ, സി-ഡിറ്റ്,തിരുവനന്തപുരം

ഡയറക്ടർ, ഐഐഐടിഎംകെ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്പേസ് പാർക്ക് (KSPACE), തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് ലിമിറ്റഡ് (KFON), തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Rajesh G S
Date: 14-02-2026 22:47:59

സെക്ഷൻ ഓഫീസർ